REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-08-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരണസംഖ്യ 626 ആയി. രക്ഷാപ്രവർത്തനം ഊർജ്ജിതം.**
- **സംസ്ഥാനത്ത് ഓണം വാരാഘോഷ പരിപാടികൾക്ക് നാളെ സമാപനം. ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.**
- **തൃശൂർ നഗരത്തെ വർണാഭമാക്കുന്ന പുലിക്കളി ഉച്ച കഴിഞ്ഞ്.**
- **ഇന്ന് ദേശീയ കായിക ദിനം. ആശംസ അറിയിച്ച് ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും.**
- **മുഖ്യമന്ത്രിയെ വഴിയിൽ തടഞ്ഞവർക്കെതിരെ പൊലീസ് നടപടി സ്വാഭാവികമെന്ന് മന്ത്രി K.മുരളിധരൻ.**
- **ഏഷ്യകപ്പ് വനിതാ ട്വന്റി -20 ക്രിക്കറ്റിൽ ഇന്ത്യ നാളെ തായ്‌ലന്റിനെ നേരിടും.**

## വാർത്തകൾ വിശദമായി

നേപ്പാളിലും ടിബറ്റിലും മിന്നൽ പ്രളയത്തിൽ മരണസംഖ്യ 626 ആയി ഉയർന്നു. രണ്ടായിരത്തിലധികം ആളുകളെ കാണാതായി. ദുരന്ത ബാധിത പ്രദേശങ്ങളിൽ തെരച്ചിലും രക്ഷാപ്രവർത്തനവും ഊർജ്ജിതമായി പുരോഗമിക്കുകയാണ്. റോഡുകളിലെ മണ്ണും അവശിഷ്ടങ്ങളും നീക്കം ചെയ്ത് ഗതാഗതം പുനഃസ്ഥാപിക്കാൻ ശ്രമങ്ങളും തുടരുന്നുണ്ട്.

ദുരന്തബാധിതരെ സഹായിക്കുന്നതിന് വിദേശകാര്യ മന്ത്രാലയം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും. രാവിലെ 7.45 ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തുന്ന ഉപരാഷ്ട്രപതി, ആലപ്പുഴയിലേക്ക് പോകും. ലിയോ പതിമൂന്ന് ഹയർ സെക്കൻഡറി സ്കൂളിൽ കേരള കൗമുദിയുടെ 115-ാം വാർഷികാഘോഷത്തിൽ അദ്ദേഹം പങ്കെടുക്കും. സംസ്ഥാന ഗവണ്മെന്റിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിക്കുന്ന 'ഓണം പേജൻട്രി' തിരുവനന്തപുരത്ത് ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

മറ്റന്നാൾ ലക്ഷദ്വീപിലെ അഗത്തിയിൽ കേന്ദ്ര മത്സ്യബന്ധന, മൃഗ സംരക്ഷണ, ക്ഷീരവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ഔട്ട്റീച്ച് പരിപാടിയിൽ മുഖ്യാതിഥിയാകും ഉപരാഷ്ട്രപതി .

തുടർന്ന് കേരളത്തിലെത്തുന്ന അദ്ദേഹം, വൈകിട്ട് കൊച്ചി കാക്കനാട്ടെ രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി രജതജൂബിലി ആഘോഷങ്ങളിലും, കോൺഫ്ലുവൻസ് 3.O, വ്യവസായ–അക്കാദമിക് ഉച്ചകോടിയിലും പങ്കെടുക്കും.പിന്നീട് ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

പ്രസിദ്ധമായ ആറന്മുള ഉത്രട്ടാതി ജലമേള നാളെ. ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. 51 പള്ളിയോടങ്ങൾ ജലമേളയിൽ അണിനിരക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ .....

.......വോയിസ്........

നാളെ ഉച്ചയ്ക്ക് 1.30ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ജലമേള ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മന്ത്രിമാരായ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, റോജി എം. ജോൺ,

തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. ആറന്മുള പാർത്ഥസാരഥി ക്ഷേത്ര ശ്രീകോവിലിൽ നിന്നുള്ള ദീപം വാദ്യമേളങ്ങളുടെ അകമ്പടിയോടെ രാവിലെ 9.30ന് സത്ര പവലിയനിലെത്തും. തുടർന്ന് ജില്ലാ കളക്ടർ നിസാമുദ്ദീൻ പതാക ഉയർത്തുന്നതോടെ ചടങ്ങുകൾക്ക് തുടക്കമാകും. ഉച്ചയ്ക്ക് 1.30ന് ജലഘോഷയാത്ര ആരംഭിക്കും. 51 പള്ളിയോടങ്ങൾ ജലമേളയിൽ അണിനിരക്കും. ഗതാഗതനിയന്ത്രണങ്ങൾ ഉൾപ്പെടെ വലിയ സുരക്ഷാ മുന്നൊരുക്കങ്ങളാണ് ആറന്മുളയിലും അനുബന്ധപ്രദേശങ്ങളിലുമായി ഉപരാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ഒരുക്കിയിട്ടുള്ളത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ ഉസ്ബെക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്ക് സന്ദർശനത്തിന് തുടക്കമായി. സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ, ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷവ്കത് മിർസിയോയേ-വിന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി താഷ്കെന്റിലെത്തും. മധ്യേഷ്യയിൽ ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിത്തം ശക്തിപ്പെടുത്താനും മേഖലയിലെ സാംസ്കാരിക ബന്ധം ദൃഢമാക്കാനും സന്ദർശനം സഹായിക്കുമെന്ന് നരേന്ദ്രമോദി യാത്രക്ക് മുൻപ് അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നാലാമത് ഉസ്ബെക്കിസ്ഥാൻ സന്ദർശനമാണിത്.

✪✪✪

അയൽപ്പക്കത്തെയും അതിനപ്പുറത്തെയും സമാധാനത്തിനും സ്ഥിരതക്കും ഭീഷണിയായി തുടരുന്ന തീവ്രവാദത്തിനെതിരെ ഉസ്ബെക്കിസ്ഥാനുമായി യോജിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇരു രാജ്യങ്ങളേയും സാംസ്കാരികമായി ബന്ധിപ്പിക്കുന്നതിന് താഷ്ക്കന്റിലെ ശാസ്ത്രി സ്മാരകവും മഹാത്മാഗാന്ധി സെന്ററും സന്ദർശിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

പ്രധാനമന്ത്രിയുടെ ഉസ്ബെക്കിസ്ഥാൻ സന്ദർശന വേളയിൽ അപൂർവ്വ ധാതു മേഖലയിലെ സഹകരണം സംബന്ധിച്ച് പ്രധാന തീരുമാനങ്ങൾ ഉണ്ടായേക്കുമെന്ന് ഉസ്ബെക്കിസ്ഥാനിലെ ഇന്ത്യൻ അംബാസഡർ സ്മിത പന്ത് പറഞ്ഞു. ആകാശവാണി ന്യൂസിന് നൽകിയ അഭിമുഖത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

✪✪✪

ഓണാഘോഷത്തിന് സമാപനം കുറിച്ച് ഇന്ന് തൃശൂരിൽ പുലിക്കളി മഹോത്സവം. വൈകിട്ട് നാലോടെ നഗരം പുലികൾ കീഴടക്കും.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്....

..........വോയ്സ്.........

9 സംഘങ്ങളിലായി 450ഓളം പുലികളാണ് ഇത്തവണ അരമണി കുലുക്കി താള മേളങ്ങളോടെ നഗരമധ്യത്തിൽ ഇറങ്ങുക. കുട്ടി പുലികളും പെൺപുലികളും പുലിമടകളിൽ അവസാന ഒരുക്കങ്ങളിലാണ്. ഓരോ സംഘത്തിലും 50ലധികം പുലികൾ അണിനിരക്കും, ഒപ്പം നിശ്ചല ദൃശ്യങ്ങളും ഉണ്ടായിരിക്കും.മികച്ച പുലിക്കളി സംഘങ്ങൾക്ക് വിവിധ പുരസ്കാരങ്ങളും ഒരുക്കിയിട്ടുണ്ട്.

ഫ്ലാഗ് ഓഫ് വൈകിട്ടു 4ന് ബിനി ജംക്ഷനിൽ മന്ത്രി ഒ.ജെ. ജനീഷ് നിർവഹിക്കും. മേയർ നിജി ജസ്റ്റിൻ അധ്യക്ഷത വഹിക്കും. വിയ്യൂർ യുവജന സംഘം, കുട്ടൻകുളങ്ങര ദേശം, പാട്ടുരായ്ക്കൽ ദേശം, പൂങ്കുന്നം സീതാറാം മിൽ ദേശം, ചക്കാമുക്ക് ദേശം, കാനാട്ടുകര ദേശം, ഒളരിക്കര, ശങ്കരംകുളങ്ങര ദേശം, അയ്യന്തോൾ ദേശം എന്നീ സംഘങ്ങളാണ് ഇത്തവണ ചുവടുവയ്ക്കുന്നത്.

✪✪✪

ഇന്ന് ദേശീയ കായിക ദിനം. ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന്റെ ജന്മവാർഷികദിനത്തോട് അനുബന്ധിച്ചാണ് രാജ്യം കായികദിനം ആഘോഷിക്കുന്നത്. 'ഖേലേഗാ ഭാരത്, ജീതേഗാ ഭാരത്' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ രാജ്യത്തുടനീളം സംഘടിപ്പിക്കുന്ന ദേശീയ കായിക ദിന ആഘോഷങ്ങൾക്ക് നാളെ സമാപനമാകും.

✪✪✪

ദേശീയ കായിക ദിനത്തിൽ ഇന്ത്യൻ ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രണാമം അർപ്പിച്ചു. മേജർ ധ്യാൻ ചന്ദ് ഹോക്കിയിൽ തീർത്ത വിസ്മയങ്ങൾ തലമുറകൾക്ക് ഇന്നും പ്രചോദനമായി തുടരുകയാണെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

രാജ്യത്തെ എല്ലാ കായിക പ്രേമികൾക്കും കായികതാരങ്ങൾക്കും ആശംസകൾ നേർന്ന പ്രധാനമന്ത്രി, അവരുടെ സമർപ്പണവും അഭിനിവേശവും ദൃഢനിശ്ചയവും എന്നും രാജ്യത്തിന് അഭിമാനമാണെന്നും വ്യക്തമാക്കി.

✪✪✪

ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ ഇന്ത്യൻ ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന്റെ ഛായാചിത്രത്തിൽ കേന്ദ്രമന്ത്രി ഡോ.മൻസുഖ് മാണ്ഡവ്യ പുഷ്പാർച്ചന നടത്തി. 'ഫിറ്റ് ഇന്ത്യ' പ്രസ്ഥാനം മുന്നോട്ട് കൊണ്ടുപോകുന്നതിന്റെ ഭാഗമായി രാജ്യത്തുടനീളം 'കളിക്കളത്തിൽ ഒരു മണിക്കൂർ' എന്ന പരിപാടി സംഘടിപ്പിച്ചതായും അദ്ദേഹം വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ. രാവിലെ 11-ന് ആകാശവാണിയുടെ എല്ലാ നിലയങ്ങളും, ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 137-ാം പതിപ്പാണിത്.

✪✪✪

മുഖ്യമന്ത്രിയെ വഴിയിൽ തടഞ്ഞവർക്കെതിരായ പൊലീസ് നടപടി സ്വാഭാവികമെന്നും വഴിതടയൽ നമ്മുടെ സംസ്കാരത്തിന് യോജിക്കാത്ത നടപടിയാണെന്നും മന്ത്രി K.മുരളിധരൻ പറഞ്ഞു. പത്തനംതിട്ടയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരത്തെ ചേന്തിയിൽ മുഖ്യമന്ത്രി എത്താതിരുന്നെതെന്നാണ് വിവരം. ലിസ്റ്റിൽ പരിപാടി ഇല്ലെന്നാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അറിയിച്ചതെന്നും മുരളീധരൻ പ്രതികരിച്ചു. CPIM-CPI തർക്കം അവരുടെ ആഭ്യന്തര വിഷയമെന്നും അച്യുതമേനോൻ മന്ത്രിസഭയെ അംഗീകരിച്ചവരാണ് UDF എന്നും മുരളീധരൻ പറഞ്ഞു.

✪✪✪

ഏഷ്യകപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റ് മത്സരങ്ങൾക്ക് ദുബായിൽ തുടക്കമായി. ആദ്യ മത്സരത്തിൽ തായ്‌ലന്റ്, ഹോങ്കോങിനെ ആറു വിക്കറ്റിനു പരാജയപ്പെടുത്തി. നാളെ തായ്‌ലന്റിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം. ഇന്ത്യയും പാകിസ്ഥാനും, ഹോങ്കോങ്ങിനും തായ്‌ലൻഡിനുമൊപ്പം ഗ്രൂപ്പ് A-യിലാണ് മത്സരിക്കുക.

✪✪✪

FIH വനിതാ ഹോക്കി ലോകകപ്പ് ഫൈനലിൽ ഇന്ന് അർജന്റീന നെതർലെൻഡ്‌സിനെ നേരിടും. രാത്രി ഏഴരക്ക് ആസ്റ്റൽവീനിലാണ് മത്സരം. സെമിയിൽ ബെൽജിയത്തെ ഒരു ഗോളിന് തകർത്താണ് നെതർലെൻഡ്‌സിന്റെ ഫൈനൽ പ്രവേശം. ഓസ്ട്രേലിയയെ തോൽപ്പിച്ചാണ് അർജന്റീന ഫൈനലിൽ എത്തിയത്.

✪✪✪

ഹംഗറിയിൽ PSA ബുഡാപെസ്റ്റ് സ്ക്വാഷ് ഓപ്പൺ കിരീടം ഇന്ത്യയുടെ വേലവൻ സെന്തിൽ കുമാറിന്. ഹംഗേറിയൻ താരം ബാലസ് ഫാർക്കാസിനെ 3-0 ന് പരാജയപ്പെടുത്തിയാണ് സെന്തിൽകുമാറിന്റെ കിരീടനേട്ടം.

✪✪✪

എഴുപത് വയസ്സ് കഴിഞ്ഞവർക്ക് വായ്പ അനുവദിക്കുന്നതിലെ നിയന്ത്രണം മൂലം പി.ആർ എസ് വായ്പ ലഭിക്കാത്ത കർഷകർക്ക് സപ്ലൈക്കോ നെല്ല് വില നേരിട്ട് നൽകും. SBI-ൽ നിന്ന് വായ്പ ലഭിക്കാത്ത കർഷകർക്കാണ് നെല്ല് വില നൽകുക.

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്......

..........വോയ്സ്..........

ഇവരുടെ പട്ടിക തയ്യാറാക്കാൻ സപ്ലൈകോ പേയ്മെന്റ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം

കാനറാ ബാങ്കിൽ ഈ വ്യവസ്ഥ ഇല്ലാത്തതിനാൽ അവിടെ അക്കൗണ്ട് ഉള്ള 70 വയസ്സ് കഴിഞ്ഞ കർഷകർക്ക് പി.ആർ.എസ് വായ്പയായിത്തന്നെയാകും നെല്ല് വില അനുവദിക്കുക.സംസ്ഥാനത്തെ നെൽ കർഷകരിൽ 30 ശതമാനത്തിലധികം 70 വയസ്സ് കഴിഞ്ഞവരാണ്.എസ.ബി.ഐ ലെ വ്യവസ്ഥ മൂലം പി.ആർ.എസ് വായ്പ ലഭിക്കാത്ത കർഷകർ ബുദ്ധിമുട്ടിലായിരുന്നു.ഈ സാഹചര്യത്തിലാണ് ഇവർക്ക് നേരിട്ട് തുക നൽകാൻ സപ്ലൈക്കോ തീരുമാനിച്ചിരിക്കുന്നത്.

✪✪✪

സംരംഭകർക്കും, സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കുമായി അടുത്ത മാസം ഒന്നിന് കോഴിക്കോട്ട് 'സീക്കോൺ' എന്ന പേരിൽ ബിസിനസ് ഉച്ചകോടി സംഘടിപ്പിക്കും. മുഖ്യമന്ത്രി V.D സതീശൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ സംരംഭകരുടെ കൂട്ടായ്മയായ സീ-കമ്മ്യൂണിറ്റിയാണ് പരിപാടി സംഘടിപ്പിക്കുന്നത്. 1000 സംരംഭകർ പരിപാടിയിൽ പങ്കെടുക്കുമെന്ന് സംഘാടകർ കോഴിക്കോട്ട് അറിയിച്ചു.

✪✪✪

കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിന്റെ വികസനം ലക്ഷ്യമാക്കി FUTURE CALICUT 360-CALICUT DEVELOPMENT CONCLAVE ചൊവ്വാഴ്ച സംഘടിപ്പിക്കുമെന്ന് ഫൈസൽ ബാബു MLA അറിയിച്ചു. മുഖ്യമന്ത്രി VD സതീശൻ പരിപാടി ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ P.K.കുഞ്ഞാലിക്കുട്ടി. A.P.അനിൽ കുമാർ, T.സിദ്ധീഖ് തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

UDF-ലേക്ക് പുതുതായി ഒരു രാഷ്ട്രീയ പാർട്ടിയെയും ക്ഷണിച്ചിട്ടില്ലെന്നും നിലവിൽ അങ്ങനെ ചർച്ചകൾ നടക്കുന്നില്ലെന്നും മുസ്ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം പറഞ്ഞു. കോഴിക്കോട്ട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമസ്തയിലെ തർക്കത്തിലോ മത സംഘടനകളുടെ കാര്യത്തിലോ മുസ്ലിം ലീഗ് ഇടപെടാറില്ലെന്നും അദ്ദേഹം അറിയിച്ചു. വഖഫ് ബോർഡ് പുനഃസംഘടനാ കാര്യത്തിൽ നിയമം നിയമത്തിന്റെ വഴിക്ക് പോകണമെന്നും ഹൈക്കോടതി ഗവൺമെന്റിന് അതിന് അനുമതി നൽകിയിട്ടുണ്ടെന്നും PMA സലാം പറഞ്ഞു.

✪✪✪

മുൻ അഡീഷണൽ ചീഫ് സെക്രട്ടറി PH കുര്യന്റെ സംസ്കാരം സൗത്ത് പാമ്പാടി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തും. അല്പസമയത്തിനകം സംസ്കാര ചടങ്ങുകൾ ആരംഭിക്കും.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: എ വി ഫർദീസ്, രജിന കെ, അൻഷ കരീം*
*DEO: സി കെ സുബോധ്*